*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

138th Issue - Volume 4, No. 19 ജാഗ്രത 18th June 2010

*******

"ചെറിയ കാര്യത്തിൽ വിശ്വസ്തൻ വലിയ കാര്യത്തിലും വിശ്വസ്തനായിരിക്കും. ചെറിയ കാര്യത്തിൽ അവിശ്വസ്തൻ വലിയ കാര്യത്തിലും അവിശ്വസ്തനായിരിക്കും."

(ലൂക്ക 16:10)

*******



ARCHBISHOP MAR IVANIOS
SERVANT OF GOD

## പ്രധാന വാർത്തകൾ

സാംസ്ക്കാരികരംഗം ചില പ്രത്യയശാസ്ത്രക്കാരുടെ പിടിയിൽ: മാർ ജോസഫ് പവ്വത്തിൽ

ലഹരി ഉപഭോഗത്തിൽ കേരളം ദേശീയ ശരാശരിയേക്കാൾ മൂന്നിരട്ടി മുന്നിലെന്ന് സർവ്വേ

കേരളസഭയിൽ ബൈബിൾവാര മഹോത്സവം

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil

## വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ മറക്കരുത്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് സെപ്റ്റംബറിൽ നടക്കുന്ന പൊതുതിരഞ്ഞെടുപ്പിന്റെ ഭാഗമായി വോട്ടർ പട്ടിക പുതുക്കാൻ സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ തീരുമാനിച്ചിരിക്കുകയാണ്. വോട്ടർ പട്ടികയിൽ പേരു ചേർക്കാത്തവർ നിർബന്ധമായും പേരു ചേർക്കണമെന്ന് കെ.സി ബി.സി ജാഗ്രതാസമിതി അഭ്യർത്ഥിച്ചു. കത്തോലിക്കാസഭയ്ക്കു കീഴിലുള്ള എല്ലാസംഘടനകളും ഇതിനായി വേണ്ടത്ര ബോധവൽക്കരണം നടത്തണമെന്നും ജാഗ്രതാസമിതി ആവശ്യപ്പെട്ടു.

## സാംസ്ക്കാരികരംഗം ചില പ്രത്യയശാസ്ത്രക്കാരുടെ പിടിയിൽ: മാർ ജോസഫ് പവ്വത്തിൽ



കേരളത്തിലെ സാംസ്ക്കാരികരംഗം ചില പ്രത്യയ ശാസ്ത്രങ്ങളെ മാത്രം പിന്തുടരുന്നവരുടെ പിടിയിലമർന്നിരിക്കുകയാണെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. അഖിലകേരള കത്തോലിക്കാ കോൺഗ്രസ് 91-ാം വാർഷികസമ്മേളന സമാപനത്തോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളകോൺഗ്രസ്സുകളുടെ ലയനത്തിന്റെ പേരിൽ സഭാമേലദ്ധ്യക്ഷൻമാരെ വിഭജിച്ച് സഭയെ ബലഹീനമാക്കാനുള്ള ശ്രമമാണ് ചിലർ നടത്തിയത്. വിദ്യാഭ്യാസമേഖലയിലടക്കമുള്ള പ്രശ്നങ്ങളിൽ സഭയുടെ അവകാശങ്ങളിൽ രാഷ്ട്രീയകക്ഷികൾ കൈകടത്തി സഭയെ കരിതേച്ചുകാണിക്കാനാണ് ശ്രമിക്കുന്നത്. കത്തോലിക്കാസഭയ്ക്ക് വർഗ്ഗീയതയുണ്ടെന്ന് ഒരു രാഷ്ട്രീയ കക്ഷി മാത്രമേ പറയൂ. സമൂഹത്തിൽ ഇതിനെതിരെ ചിന്തകൾ അവതരിപ്പിക്കണമെന്നും നിസംഗത മാറ്റി സമാധാനത്തിന്റെ വഴിയേ ക്രിയാത്മകമായി പ്രതികരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. വർഗസമരത്തിലൂടെ അനേകായിരങ്ങളെ കുരുതി കൊടുത്തവർ അധികാരം നിലനിർത്താനും പാർട്ടി സംരക്ഷിക്കാനുമായി വർഗീയത ആയുധമാക്കുന്നുവെന്ന് അഖില കേരള കത്തോലിക്കാ കോൺഗ്രസ് സമ്മേളനം പ്രമേയത്തിലൂടെ കുറ്റപ്പെടുത്തി. സഭാദ്ധ്യക്ഷൻമാരെ അവഹേളിക്കുന്നവർ ഏതു രാഷ്ട്രീയമുന്നണിയിൽപെട്ടവരാണെങ്കിലും സഭാസമൂഹം ശക്തമായി എതിർക്കും. ജസ്റ്റിസ് വി.ആർ കൃഷ്ണയ്യരുടെ നേതൃത്വത്തിലുള്ള നിയമപരിഷ്കരണകമ്മീഷൻ സർക്കാരിനു സമർപ്പിച്ചിരിക്കുന്ന നിയമ പരിഷ്കരണ നിർദ്ദേശങ്ങളിലെ ക്രൈസ്തവവിരുദ്ധ ശുപാർശകൾ നടപ്പിലാക്കാൻ ശ്രമിച്ചാൽ പ്രക്ഷോഭത്തെ നേരിടേണ്ടിവരും. എകെസിസി സംസ്ഥാന പ്രസിഡന്റ് എ. ഡി ജോസഫ് അദ്ധ്യക്ഷത വഹിച്ചു.

## ലഹരി ഉപഭോഗത്തിൽ കേരളം ദേശീയ ശരാശരിയേക്കാൾ മൂന്നിരട്ടി മുന്നിലെന്ന് സർവ്വേ



സംസ്ഥാനത്തെ പുകയില ഒഴികെയുള്ള ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗം ഇന്ത്യൻ ശരാശരിയേക്കാൾ മൂന്നിരട്ടിയാണെന്ന് ദേശീയ സാമ്പിൾ സർവ്വേ റിപ്പോർട്ട്. സംസ്ഥാനത്ത് ഒരാൾ പ്രതിമാസം ശരാശരി 19 രൂപയാണ് ലഹരിയ്ക്കായി മുടക്കുന്നത്. ഗ്രാമങ്ങളിൽ 17 രൂപയും. രാജ്യത്തെ നഗരങ്ങളിൽ ഇത് ശരാശരി 7 രൂപയും ഗ്രാമങ്ങളിൽ ആറു രൂപയുമാണ്. പുകയിലയ്ക്കുവേണ്ടി കേരളത്തിലെ ഗ്രാമങ്ങളിൽ ഒരാൾ പ്രതിമാസം 14.5 രൂപയും നഗരങ്ങളിൽ 18.5 രൂപയും ചെലവഴിക്കുന്നു. ദേശീയ ശരാശരി നഗരത്തിലും ഗ്രാമത്തിലും 9.9 രൂപ മാത്രമാണെന്നിരിക്കെയാണിത്. ലഹരി ഉപയോഗം സംബന്ധിച്ച് കണ്ടെത്തിയതിനേക്കാൾ അധികമായിരിക്കും യഥാർത്ഥ കണക്കെന്ന് ദേശീയ സാമ്പിൾ സർവ്വേ ഓഫിസ് ഡപ്യൂട്ടി ഡയറക്ടർ ജനറൽ സി.ആർ.കെ നായർ പത്രസമ്മേളനത്തിൽ പറഞ്ഞു. സ്ഥിതി വിവരകണക്കുകൾ ശേഖരിക്കുന്നവരോട് ലഹരി ഉപയോഗത്തെ ക്കുറിച്ച് തുറന്നുപറയാത്തവരാണ് അധികവും. അതുകൂടി കണക്കിലെടുക്കുമ്പോൾ ഇതിലും എത്രയോ കൂടുതലാകും ഉപഭോക്തൃനിരക്ക്. സംസ്ഥാനത്തെ ഗ്രാമങ്ങളിലെ കുടുംബ ഉപഭോഗ ചിലവ് ഇന്ത്യയിലെ നഗരങ്ങൾക്കു സമാനമാണെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇന്ത്യയിൽ ഗ്രാമങ്ങളിൽ പ്രതിമാസ ചിലവ് 772 രൂപയാണ്. എന്നാൽ കേരളത്തിലിത് 1383 രൂപയും. ഇന്ത്യയിൽ നഗരങ്ങളിലെ ചെലവ് 1492 രൂപയും കേരളത്തിലെ നഗരങ്ങളിലേത് 1948 രൂപയുമാണ്. ജീവി

തചെലവിന്റെ കാര്യത്തിൽ കേരളത്തിലെ നഗരങ്ങൾ ഡൽഹി പോലുള്ള വൻനഗരങ്ങളോടാണ് മത്സരിക്കുന്നതെന്നും സർവ്വേ പറയുന്നു. കുടുംബത്തിലെ അംഗങ്ങളുടെ എണ്ണക്കുറവിൽ കേരളം രാജ്യത്ത് മൂന്നാം സ്ഥാനത്താണ്. ആന്ധ്രയും തമിഴ് നാടുമാണ് ആദ്യ രണ്ടു സ്ഥാനങ്ങളിൽ. ആന്ധ്രയിൽ കുടുംബ അംഗ സംഖ്യ 3.7 ശതമാനവും തമിഴ്നാട്ടിലത് 3.6 ശതമാനവും ആകുമ്പോൾ കേരളത്തിലിത് 3.9 ശതമാനമാണ്. തൊഴിലില്ലായ്മയുടെ കാര്യത്തിൽ കുറവുണ്ടാകുന്നുണ്ട് എന്നതു മാത്രമാണ് സർവ്വേയിൽ സംസ്ഥാനത്തിന് ആശ്വാസത്തിനു വക നൽകുന്നത്. 2005-06 കാലത്ത് പന്ത്രണ്ട് ശതമാനമായിരുന്നു തൊഴിലില്ലായ്മ. 2007-08 ആയപ്പോൾ ഇത് നഗരത്തിൽ 7.08 ശതനാനവും ഗ്രമത്തിൽ 9.8 ശതമാനമായും കുറഞ്ഞു. നഗരങ്ങളിൽ തൊഴിൽ രഹിതരായ പുരുഷൻമാരുടെ സംഖ്യ 4.1 ശതമാനത്തിൽ നിന്ന് 5.9 ശതമാനമായി ഉയർന്നപ്പോൾ സ്ത്രീകളുടെ നിരക്ക് 33 ശതമാനത്തിൽ നിന്ന് 26.9 ശതമാനമായി കുറഞ്ഞു. സ്വയം തൊഴിൽ കണ്ടെത്തുന്ന സ്ത്രീകളുടെ എണ്ണവും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഡൽഹി, പഞ്ചാബ്, മണിപ്പൂർ കഴിഞ്ഞാൽ തൊട്ടടുത്ത് കേരളമാണ്. ഇതും ദേശീയശരാശരിയുടെ ഇരട്ടിയാണ്. 4895 രൂപയാണ് ഒരു പ്രൈമറി വിദ്യാർത്ഥിയുടെ വാർഷിക ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇത് ദേശീയശരാശരിയുടെ ഇരട്ടിയിലധികം വരും. പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കേരളത്തിൽ ദേശീയശരാശരിയുടെ ഇരുപതു ശതമാനത്തോളം ചെലവ് കുറവാണ്. കുടുംബ ഉപഭോഗചെലവ്, തൊഴിലും തൊഴിലില്ലായ്മയും, വിദ്യാഭ്യാസചെലവ് എന്നിങ്ങനെ മൂന്ന് കാര്യങ്ങളാണ് സർവ്വേയിൽ പരിഗണിച്ചതെന്ന് സി.ആർ.കെ നായർ പറഞ്ഞു. ഈ വർഷത്തെ സർവ്വേ അടുത്തമാസം ഒന്നിന് ആരംഭിച്ച് 2011 ജൂൺ 30 ന് സമാപിക്കും കാർഷികേതര സംരംഭങ്ങളും വ്യാപാര സംരംഭങ്ങളും മറ്റ് സേവന മേഖലകളും ഇത്തവണ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ മൂന്നു മേഖലകളെ ഉൾപ്പെടുത്തി ആദ്യമായിട്ടാണ് സർവ്വേ നടത്തുന്നത്. കേരളത്തിലെ പതിന്നാലു ജില്ലകളിലുമായി 784 പഞ്ചായത്ത് വാർഡുകളിലും നഗരപ്രദേശങ്ങളിലെ 496 ബ്ലോക്കുകളിലും സർവ്വേ നടത്തും. 56,000 സംരംഭങ്ങളിൽ ഇരുന്നൂറോളം സർവ്വേ ഉദ്യോഗസ്ഥർ സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കും. ജനങ്ങൾ നൽകുന്ന വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുമെന്ന് സി ആർ കെ നായർ അറിയിച്ചു. സർവ്വേ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം തൈക്കാട് ഗസ്റ്റ് ഹൗസിൽ അദ്ദേഹം നിർവഹിച്ചു. എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ വി രാമചന്ദ്രൻ ചടങ്ങിൽ പങ്കെടുത്തു.

## കേരള സഭയിൽ ബൈബിൾവാര മഹോത്സവം



കേരളത്തിലെ എല്ലാ രൂപതകളിലും ജൂൺ 13-ാം തീയതി മുതൽ 19-ാം തീയതി വരെ ബൈബിൾ വാരമായി ആചരിക്കുന്നു. ജൂൺ 20-ാം തീയതിയിലെ ബൈബിൾ ഞായറിനുള്ള മുന്നോടിയാണിത്. ഈ വർഷത്തെ പ്രധാന വിചിന്തനവചനം "ആഴം ആഴത്തെ വിളിക്കുന്നു" (സങ്കീ 42:7) എന്നതാണ്. ഓരോ ദിവസത്തെയും ധ്യാനവും പ്രാർത്ഥനയും ഉൾക്കൊള്ളുന്ന ലഘുലേഖ തയ്യാറാക്കി രൂപതാ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരെ നേരത്തെതന്നെ ഏൽപിച്ചിട്ടുണ്ടെന്ന് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ. ഡോ. ജോഷി മയ്യാറ്റിൽ അറിയിച്ചു.

**അക്രമസ്വഭാവമുള്ള വിദ്യാർത്ഥി സംഘടനകളെ നിയന്ത്രിക്കാൻ അടിയന്തിരമായി സംസ്ഥാന സർക്കാർ ഇടപെടണമെന്ന് കെ.സി.ബി.സി ജാഗ്രതാസമിതി ആവശ്യപ്പെട്ടു.**

JAGRATHA News

**"Jagratha News"** – An internet news service is free and for private circulation

**Web:** jagrathakcbc.blogspot.com.

**Designed and Edited by** Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA